## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2030 — 05/05/17-ൽ മറുപടിയ്ക്ക്

## പഠനമുറി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.കെ.രാജൻ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ.പി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി "പഠനമുറി" എന്ന പേരിൽ പ ദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | എ) | "പഠനമുറി" എന്ന പേരിൽ ഒരു പദ്ധതി 2017-18 വർഷം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | സ്വന്തമായി വാസയോഗ്യമായ വീടുള്ള ഹൈസ്ക്കൂൾതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വീടിനോട്ചേർന്ന് 120 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ളതും കോൺക്രീറ്റ് മേൽക്കൂരയുള്ളതും ടൈൽസ് പാകിയ തറയുള്ളതുമായ ഒരു മുറി, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (രണ്ട് കുട്ടികൾക്കാവശ്യമുള്ളത്), ലൈറ്റ്, ഫാൻ, സ്റ്റഡി ഡസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | സി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**